**ഭരണഭാഷ മാതൃഭാഷ**

പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**നം. ഫിൻ.സി5/190444/2020/എച്ച്.എസ്.ഇ.** **തീയതി : 17/12/2020.**

## സർക്കുലർ

വിഷയം: പൊ.വി.വ. - ഹ.സെ.വിദ്യാഭ്യാസം. - ഫിനാൻസ് - വാർഷിക പദ്ധതി 2020-2021 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലാബ്/ലൈബ്രറി നവീകരണം സംബന്ധിച്ച്:-

സൂചന : ബഡ്ജറ്റ് 2020-2021.

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ആധുനിക രീതിയിലുള്ള സയൻസ് ലാബുകളും ലൈബ്രറിയും സജ്ജമാക്കുന്നതിനുള്ള പദ്ധതിയിലേക്ക് പരിഗണിക്കുന്നതിനായി പ്രിൻസിപ്പാൾമാരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലാബുകൾക്കും ലൈബ്രറികൾക്കുമായി ഒമ്പതു മീറ്റർ നീളവും ആറുമീറ്റർ വീതിയുമുള്ള കോൺക്രീറ്റ് കെട്ടിടങ്ങളിലെ മുറികളാണ് സജ്ജീകരണത്തിനായി പരിഗണിക്കുന്നത്.
2. കെമിസ്ട്രി ലാബിനായി ഗ്രൗണ്ട് ഫ്ളോറിലെ മുറി പരിഗണിക്കുന്നതാണ് ഉചിതം.
3. നിലവിൽ മികച്ച ലാബുകളുള്ള സ്കൂളുകൾ അപേക്ഷിക്കേണ്ടതില്ല.

സ്കൂളിൽ ലഭ്യമായ മുറികളുടെ വിവരങ്ങൾ സഹിതം അപേക്ഷ പ്രിൻസിപ്പാൾമാർ 23.12.2020-ന് മുമ്പ് dhsefinc5@gmail.com എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**സീനിയർ ഫിനാൻസ് ഓഫീസർ**